സി.ജി.(3) 6676/13 **സഹകരണസംഘം രജിസ്ട്രാർ ആഫീസ്**

**തിരുവനന്തപുരം, തീയതി : 27/3/2013**

**Email :** keralarcs.coop@kerala.gov.in
**Website : www.cooperation.kerala.gov.in**
**Tel : No. 0471 2330726**

# <u>സർക്കുലർ നമ്പർ 24/2013</u>

വിഷയം– സഹകരണ വകുപ്പ്– ബാങ്കിംഗ് നിയമ (ഭേദഗതി) നിയമം–2012 തുടർ നടപടി സ്വീകരിക്കുന്നത്–സംബന്ധിച്ച്.

പാർലമെന്റ് പാസ്സാക്കിയ ബാങ്കിംഗ് നിയമ (ഭേദഗതി) നിയമം 2012, 18.1.2013–ന് പ്രാബല്യത്തിൽ വരുകയുണ്ടായി. പ്രസ്തുത നിയമ പ്രകാരം റിസർവ്വ് ബാങ്ക് ലൈസൻസുള്ള സഹകരണ സംഘങ്ങൾക്ക് മാത്രമേ ബാങ്കിംഗ് റഗുലേഷൻ ആക്ട് വിവക്ഷിച്ചിട്ടുള്ള വിധത്തിൽ ബാങ്കിംഗ് ഇടപാടുകൾ നടത്താൻ അനുവാദമുള്ളു. ബാങ്കിംഗ് നിയമഭേദഗതി നിയമം പ്രാബല്യത്തിൽ വരുന്ന അന്നോ, അതിനുമുമ്പോ പ്രൈമറി കോ–ഓപ്പറേറ്റീവ് ബാങ്കായ ഓരോ പ്രൈമറി കോ–ഓപ്പറേറ്റീവ് സൊസൈറ്റിയും 3 മാസത്തിനകം റിസർവ്വ് ബാങ്കിന് ലൈസൻസിനായി അപേക്ഷിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

ബാങ്കിംഗ് റഗുലേഷൻ ആക്ട് 1949(എഎസിഎസ്) വകുപ്പ് 5(ccvi) പ്രകാരം പ്രൈമറി ക്രെഡിറ്റ് സൊസൈറ്റി എന്നാൽ Section 5(ccvi)Primary Credit Society means a Co-operative Society, other than a primary agricultural credit society

i) the primary object or principal business of which is the transaction of banking business;
ii) the paid up share capital and reserves of which are less than one lakh of rupees; and
iii) the byelaws of which do not permit admission of any other co-operative Society as a member.

വകുപ്പ് 5(ccv) പ്രകാരം പ്രൈമറി കോ–ഓപ്പറേറ്റീവ് ബാങ്ക് എന്നാൽ Section 5(ccv) Primary Co-operative bank means a Co-operative Society other than a primary agricultural credit society-

i) the primary object or principal business of which is the transaction of banking business;
ii) the paid up share capital and reserves of which are not less than one lakh of rupees; and
iii) the byelaws of which do not permit admission of any other co-operative Society as a member.

ബാങ്കിംഗ് റഗുലേഷൻ ആക്ട് 1949(എഎസിഎസ്) വകുപ്പ് 5(CCiv) പ്രകാരം പ്രൈമറി അഗ്രികൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റി എന്നാൽ <u>**Section 5(cciv)**</u> Primary agricultural Credit Society means a Co-operative Society-

i) the primary object or principal business of which is to provide financial accommodation to its members for agricultural purpose or

for purposes connected with agricultural activities (including the marketing of crops); and

ii) the bye-laws of which do not permit admission of any other Co-operative Society as a member,

(അംഗങ്ങൾക്ക് മാത്രമായി ഇടപാടുകൾ നടത്തുന്ന പ്രാഥമിക സഹകരണ കാർഷിക വായ്പ സഹകരണ സംഘങ്ങൾ(PACS) വിഭാഗത്തിൽപ്പെടുന്ന സഹകരണ സംഘങ്ങൾക്ക് റിസർവ്വ് ബാങ്ക് ലൈസൻസ് വേണമെന്ന് ബാങ്കിംഗ് നിയമ (ഭേദഗതി) നിയമം നിഷ്കർഷിച്ചിട്ടില്ല.)

ബാങ്കിംഗ് റഗുലേഷൻ ആക്ട് 1949(എഎസിഎസ്) ൽ നിർവചിച്ചിട്ടുള്ള വിഭാഗത്തിൽ ഉൾപ്പെടുന്ന പ്രൈമറി ക്രെഡിറ്റ് സഹകരണ സംഘങ്ങളിൽ പ്രൈമറി കോ-ഓപ്പറേറ്റീവ് ബാങ്കാകുന്നതിനുള്ള മാനദണ്ഡങ്ങൾ കൈവരിച്ചിട്ടുള്ളവ 17.4.2013-നകം റിസർവ്വ് ബാങ്ക് ലൈസൻസായി അപേക്ഷ സമർപ്പിക്കേണ്ടതായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ബാങ്കിംഗ് റഗുലേഷൻ ആക്ട് 1949(AACS) –ൽ നിർവചിച്ചിട്ടുള്ള വിഭാഗത്തിൽ ഉൾപ്പെടുന്ന പ്രൈമറി ക്രെഡിറ്റ് സഹകരണ സംഘങ്ങളിൽ പ്രൈമറി കോ-ഓപ്പറേറ്റീവ് ബാങ്കാകുന്നതിനുള്ള മാനദണ്ഡങ്ങൾ കൈവരിച്ചിട്ടുള്ളവയും, റിസർവ്വ് ബാങ്ക് ലൈസൻസിന് അപേക്ഷിക്കുന്നതിനുള്ള വ്യവസ്ഥകൾ (എൻട്രി പോയിന്റ് നോംസ്) കൈവരിച്ചിട്ടുള്ളതുമായ സഹകരണ സംഘങ്ങൾ റിസർവ്വ് ബാങ്ക് നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ നിശ്ചിത പ്രൊഫോർമയിൽ ആവശ്യമായ അനുബന്ധ രേഖകൾ സഹിതം 17.4.2013-നകം റിസർവ്വ് ബാങ്കിന് ലഭിക്കത്തക്ക വിധം സഹകരണ സംഘം രജിസ്ട്രാർ മുഖേന ലൈസൻസിനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

ഒപ്പ്,
കെ.വി.സുരേഷ് ബാബു
സഹകരണ സംഘം രജിസ്ട്രാറുടെ ചുമതല
വഹിക്കുന്ന അഡിഷണൽ രജിസ്ട്രാർ ക്രെഡിറ്റ്